# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *612      31/10/2016 -ൽ മറുപടിക്ക്

## മലബാർ കാൻസർ സെന്ററിന്റെ വിപുലീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.വി.അബ്ദുറഹിമാൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.സി. കെ. ശശീന്ദ്രൻ** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| എ) | മലബാർ പ്രദേശത്തുള്ള ക്യാൻസർ രോഗികളിൽ ഗണ്യമായൊരു പങ്ക് തിരുവനന്തപുരത്തെ ആർ.സി.സി. യിൽ ചികിത്സ തേടേണ്ടി വരുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. മലബാർ കാൻസർ സെന്ററിൽ ചികിത്സയ്ക്കെത്തുന്ന രോഗികളിൽ ചിലർ സ്വന്തം ഇഷ്ടപ്രകാരം തിരുവനന്തപുരം ആർ.സി.സിയിൽ ചികിത്സയ്ക്കായി പോകുന്നുണ്ട്. ചില രോഗികൾ ആദ്യം തിരുവനന്തപുരം ആർ.സി.സിയിലും പിന്നീട് സ്വന്തം ഇഷ്ടപ്രകാരമോ ഡോക്ടർമാരുടെ നിർദ്ദേശാനുസരണമോ മലബാർ കാൻസർ സെന്ററിലും ചികിത്സ തേടി വരുന്നുണ്ട്. |
| ബി) | ന്യൂക്ലിയർ മെഡിസിൻ സംവിധാനം ഉൾപ്പെടെയുള്ള നൂതന സംവിധാനം മലബാർ ക്യാൻസർ സെന്ററിലില്ലാത്തത് വടക്കൻ ജില്ലകളിലുള്ളവരെ വിദഗ്ദ്ധ ചികിത്സയ്ക്കായി ആർ.സി.സി.യെയോ സ്വകാര്യ ആശുപത്രികളെയോ ആശ്രയിക്കാൻ നിർബ്ബന്ധിതരാക്കുന്നതു പരിഗണിച്ച് മലബാർ കാൻസർ സെന്ററിന്റെ വിപുലീകരണം ഉദ്ദേശിക്കുന്നുണ്ടോ; | ബി) | ന്യൂക്ലിയർ മെഡിസിൻ സംവിധാനം ഒഴിച്ചുള്ള ചികിത്സാ സൗകര്യങ്ങൾ ഇന്ന് എം.സി.സിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കാൻസർ ചികിത്സയിലെ അത്യാധുനിക ചികിത്സാ രീതിയായ വിത്തുകോശ കാൻസർ ചികിത്സ ഏറ്റവും ആധുനികമായ രണ്ട് ലീനിയർ ആക്സിലറേറ്ററും എല്ലാ തരത്തിലുള്ള കാൻസർ ശസ്ത്രക്രിയകളും കാൻസർ നിർണ്ണയത്തിന് ആവശ്യമായ അത്യാധുനിക സംവിധാനങ്ങളും ഇന്ന് എം.സി.സിയിൽ ഉണ്ട്. ന്യൂക്ലിയർ മെഡിസിൻ എന്ന സംവിധാനം 2016-17 കാലഘട്ടത്തിൽ ഏർപ്പെടുത്തുന്നതാണ്. എം.സി.സിയെ കാൻസർ ചികിത്സാരംഗത്തെ മികച്ച ഗവേഷണ പഠന കേന്ദ്രമായി ഉയർത്തുവാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന 9-ാം ഗവേണിംഗ് ബോഡിയിൽ തീരുമാനമെടുക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| സി) | ഈ സ്ഥാപനത്തെ പി.ജി. ഇൻസ്റ്റിറ്റ്യൂട്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും അതുകൊണ്ടുണ്ടാകുന്ന നേട്ടങ്ങളും അറിയിക്കാമോ? | സി) | 9-ാം ഗവേണിംഗ് ബോഡിയിൽ എം.സി.സിയെ പി.ജി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസ് ആന്റ് റിസർച്ച് ആയി ഉയർത്തുവാൻ തത്വത്തിൽ തീരുമാനിക്കുകയുണ്ടായി. ഏകദേശം 600 കോടി രൂപയാണ് പ്രസ്തുത പദ്ധതിക്കായി കണക്കാക്കിയിരിക്കുന്നത്. ഇതു സംബന്ധിച്ച ഡി.പി.ആർ തയ്യാറാക്കിവരുന്നു. പി.ജി. ഇൻസ്റ്റിറ്റ്യൂട്ട് എന്ന നിലയിൽ എം.സി.സിയെ ഉയർത്തുകയാണെങ്കിൽ കാൻസർ ചികിത്സാരംഗത്ത് ആവശ്യമായ മാനവശേഷി ഉല്പാദിപ്പിക്കുന്ന ഏറ്റവും ഉന്നതനിലവാരത്തിലുള്ള പഠന കേന്ദ്രമായി മാറുന്നതാണ്. |

സെക്ഷൻ ഓഫീസർ